(ബി) നിരവധി ചെറുകിട കുടിവെള്ള പദ്ധതിക്ക് സർക്കാർ ഫണ്ട് ചെലവാക്കുന്നത് ഒഴിവാക്കി ഇത്തരത്തിലുള്ളൊരു ദീർഘകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പദ്ധതി ആസൂത്രണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി)) നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

പട്ടാമ്പി നിയോജക മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ

124 (721) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിലെ പട്ടാമ്പി, കുലുക്കല്ലൂർ എന്നീ ശുദ്ധജല വിതരണ പദ്ധതികൾ ഉദ്ഘാടനം ചെയ്യാനുള്ള കാലതാമസത്തിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ ശുദ്ധജല വിതരണ പദ്ധതികൾ ഉടൻ ഉദ്ഘാടനം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) പട്ടാമ്പി ശുദ്ധജല വിതരണ പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, മൂന്ന് ഉന്നതതല ജല സംഭരണികൾ, റോവാട്ടർ പമ്പിംഗ് മെയിൻ, ഒന്നാം മേഖലയിലേക്കുള്ള വിതരണ ശൃംഖല, ഒന്നും രണ്ടിലേക്കുമുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ മെയിൻ, ക്ലിയർ വാട്ടർ സമ്പ് എന്നിവ പൂർത്തീകരിച്ചു കഴിഞ്ഞു. ബാക്കി പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. പദ്ധതി 2011 ഏപ്രിൽ മാസത്തോടെ ഭാഗികമായി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ രണ്ടും മൂന്നും മേഖലയിലേക്കുള്ള വിതരണ ശൃംഖലയുടെ 370 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതി നിർദ്ദേശത്തിന് സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ 2011 ഡിസംബർ മാസത്തോടെ പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നെല്ലായ, കുലുക്കല്ലൂർ പദ്ധതിയുടെ കിണർ, റോവാട്ടർ പമ്പിംഗ് മെയിൻ എന്നിവ പൂർത്തീകരിച്ചു എങ്കിലും ശുദ്ധീകരണ ശാലയുടേയും ഉന്നതതല ജല സംഭരണിയുടെയും പ്രവൃത്തികൾ ഉൾപ്പെടുന്ന പാക്കേജ്- 2 ന്റെ ദർഘാസ് റദ്ദു ചെയ്തതിനാൽ 2010-ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ദർഘാസ് പുനർക്ഷണിക്കുന്നതിനും പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

രണ്ടു പദ്ധതികളുടേയും അവശേഷിക്കുന്ന പണികൾ പൂർത്തീകരിച്ച് പദ്ധതികൾ ഉദ്ഘാടനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly